(രാവിലെ 10.53-ന് നിർത്തിവച്ച സഭ 11.57-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: സഭ നിർത്തിവച്ചതിനുശേഷം ഇരുഭാഗവുമായി ചെയർ സംസാരിച്ചു, സഭാസമ്മേളനം നടത്തിക്കൊണ്ടുപോകാൻ ഇരുഭാഗത്തേയും സഹകരണം ചെയർ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ ബിസിനസ്സ് പൂർത്തിയാക്കേണ്ടതുണ്ട്, ബിസിനസ്സ് പൂർത്തിയാക്കാനുള്ള ഉത്തരവാദിത്വം ചെയറിനുണ്ട്. അതിനെല്ലാപേരും സഹകരിക്കണം. ചെയർ അടുത്ത നടപടികളിലേക്ക് കടക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

## പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സഭാ സമ്മേളനം സുഗമമായി നടത്തിക്കൊണ്ടുപോകുവാൻ സാധിക്കാത്ത സാഹചര്യത്തിൽ 2016 ഫെബ്രുവരി 25-ാം തീയതി ചേരുവാൻ നിശ്ചയിച്ചിട്ടുള്ള സഭാ സമ്മേളനം ചേരേണ്ടതില്ലെന്നും, ഫെബ്രുവരി 25-ന് നിശ്ചയിച്ചിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി

ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ, 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ, 2016 -ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ എന്നിവയുടെ പരിഗണന ഇന്ന്, ഫെബ്രുവരി 24-ാം തീയതി തീരുമാനിച്ചിട്ടുള്ള ബിസിനസ്സുകൾ പൂർത്തീകരിച്ചശേഷം പരിഗണനയ്ക്ക് എടുക്കണമെന്നും ഇന്ന് ഉച്ചയ്ക്കുശേഷം 1.30 മണി മുതൽ 3.00 മണി വരെ നൽകിയിരുന്ന ഇടവേള വേണ്ടെന്ന് വയ്ക്കണമെന്നും കാര്യോപദേശക സമിതിയുടെ 24-ാമത് റിപ്പോർട്ടിലെ ശുപാർശകൾ തതനുസൃതമായി ഭേദഗതി ചെയ്യണമെന്നും ഈ സഭ തീരുമാനിക്കുന്നു.... (ബഹളം)........

<u>മി.സ്പീക്കർ</u>: പ്രമേയത്തെ പിന്താങ്ങേണ്ടതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

<u>മി. സ്പീക്കർ</u>: പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് മറുപടി പറയുവാൻ ആഭ്യന്തരകാര്യ വകുപ്പു മന്ത്രിയെ ക്ഷണിച്ചതനുസരിച്ച് അദ്ദേഹം അടിയന്തിരപ്രമേയത്തിന്റെ കഥയില്ലായ്മയെ സംബന്ധിച്ച് വിശദമായും, വാചാലമായും സംസാരിച്ചപ്പോൾ പ്രതിപക്ഷത്തുനിന്നും യാതൊരു ശബ്ദവും ഉണ്ടായില്ല. അതേസമയം പ്രതിപക്ഷനേതാവ് സംസാരിക്കുവാൻ എഴുന്നേറ്റപ്പോൾ സംസാരിക്കുവാൻ അനുവദിക്കാത്തവിധത്തിൽ ബഹളം വയ്ക്കുകയാണ്. ഇങ്ങനെ ബഹുമാനപ്പെട്ട സ്പീക്കറെ അംഗീകരിക്കാത്ത, വകവയ്ക്കാത്ത ഭരണകക്ഷിയുടെ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭാനടപടികൾ ബഹിഷ്കരിക്കുകയാണ്.

(പ്രസ്താവനയെത്തുടർന്ന് പ്രതിപക്ഷനേതാവും മറ്റ് പ്രതിപക്ഷ അംഗങ്ങളും മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ വിട്ടു പുറത്തു പോയി.)

## മുഖ്യമന്ത്രിയുടെ പ്രമേയം

### സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ നിയമസഭയുടെ അവസാന സമ്മേളനം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു സഭാ നേതാവ് എന്നുള്ള നിലയിൽ ഈ നിയമസഭാ കാലത്ത് ചെയ്യേണ്ടുന്ന അവസാനത്തെ കടമ നിർവ്വഹിക്കാൻവേണ്ടി ഞാൻ എഴുന്നേറ്റിരിക്കുകയാണ്. അഞ്ച് വർഷക്കാലം നിയമസഭയിൽനിന്നും സഭാനാഥൻമാരിൽനിന്നും നിയമസഭാ ജീവനക്കാരിൽനിന്നും ഗവൺമെന്റിന് ലഭിച്ചിട്ടുള്ള എല്ലാവിധത്തിലുമുള്ള സഹകരണങ്ങൾക്കും ഞാൻ നന്ദി പറയുകയാണ്. അങ്ങയുടെ മുൻഗാമി ജി. കാർത്തികേയൻ സ്പീക്കറായിരുന്ന സമയത്തും, അദ്ദേഹത്തിന്റെ വേർപാട് ഉണ്ടാക്കിയിട്ടുള്ള ദുഃഖം ഇന്നും വിട്ടുമാറിയിട്ടില്ല, അതിനുശേഷം അങ്ങും ഈ ഉത്തരവാദിത്തം ഏറ്റെടുത്തശേഷം നിങ്ങൾ രണ്ടുപേരിൽനിന്നും ലഭിച്ചിട്ടുള്ള നല്ല അനുഭവങ്ങൾ ഭരണകക്ഷിയൊന്നാകെ, ഈ സഭയൊന്നാകെ പങ്കുവയ്ക്കുകയാണ്. അതുപോലെ, എത്രമാത്രം ബുദ്ധിമുട്ടുകൾ സഹിച്ചും ഏറ്റവും വലിയ പ്രതിസന്ധികളുണ്ടായകാലത്തുമെല്ലാം അതിനെ അതിജീവിക്കാൻ അങ്ങേയറ്റത്തെ ക്ഷമയോടും സഹിഷ്ണുതയോടും

അതേസമയം കാര്യക്ഷമതയോടുംകൂടി പ്രവർത്തിക്കുന്ന നിയമസഭാ സ്റ്റാഫിനോടും നന്ദിപറയാൻ വേണ്ടി ഈ അവസരം വിനിയോഗിച്ചുകൊണ്ട് എന്റെ കടമ ഞാൻ നിർവ്വഹിക്കുന്നു.

തല്ക്കാലം സഭയ്ക്കുമുമ്പാകെ വയ്ക്കാൻ ഗവൺമെന്റ് ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.